| 04–06–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – ഇപ്പോൾ ഈ മോശമായ അഴുക്ക് നിറഞ്ഞ ലോകത്തിന് തീ പിടിക്കണം അതുകൊണ്ട് ശരീര സഹിതം എന്തെല്ലാമാണോ നിങ്ങൾ എന്റേതെന്ന് പറയുന്നത് അതിനെ മറക്കണം, അതിനോട് മനസ്സ് വെയ്ക്കരുത്.**

**ചോദ്യം:–** ബാബ എന്തുകൊണ്ടാണ് നിങ്ങൾക്ക് ഈ ദുഃഖധാമത്തോട് വെറുപ്പ് തോന്നിക്കുന്നത്?
**ഉത്തരം:–** എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ശാന്തിധാമത്തിലേക്കും–സുഖധാമത്തിലേക്കും പോകണം. ഈ അഴുക്ക് നിറഞ്ഞ ലോകത്തിൽ ഇനി ജീവിക്കേണ്ട. നിങ്ങൾക്കറിയാം ആത്മാവ് ശരീരത്തിൽ നിന്ന് വേറിട്ട് വീട്ടിലേക്ക് പോകും, അതുകൊണ്ട് എന്തിന് ഈ ശരീരത്തെ നോക്കണം. ആരുടെയും പേരി ലേക്കും രൂപത്തിലേക്കും ബുദ്ധി പോകരുത്. മോശമായ ചിന്ത വന്നാൽ പോലും പദവി ഭ്രഷ്ടമാകും.

**ഓം ശാന്തി**. ശിവബാബ തന്റെ കുട്ടികളോട്, ആത്മാക്കളോട് സംസാരിക്കുന്നു. ആത്മാവ് തന്നെയാണ് കേൾക്കുന്നത്. സ്വയം ആത്മാവാണെന്ന് ഉറപ്പിക്കണം. നിശ്ചയം വരുത്തി പിന്നീട് ഈ കാര്യം മനസ്സിലാക്കി കൊടുക്കണം അതായത് പരിധിയില്ലാത്ത ബാബ എല്ലാവരെയും കൊണ്ട് പോകുന്നതിനാണ് വന്നിരിക്കുന്നത്. ദുഃഖത്തിന്റെ ബന്ധനത്തിൽ നിന്ന് മോചിപ്പിച്ച് സുഖത്തിന്റെ സംബന്ധത്തിലേക്ക് കൊണ്ടുപോകുന്നു. സുഖത്തെ സംബന്ധമെന്നും, ദുഃഖത്തെ ബന്ധനമെന്നും പറയുന്നു. ഇപ്പോൾ ഇവിടെയുള്ള ഒരു നാമ–രൂപത്തിലും മനസ്സ് വയ്ക്കരുത്. തന്റെ വീട്ടിലേക്ക് പോകുന്നതിന് തയ്യാറെടുക്കണം. പരിധിയില്ലാത്ത ബാബ വന്നിരിക്കുന്നു, എല്ലാ ആത്മാക്കളെയും കൊണ്ട് പോകുന്നതിന് വേണ്ടി. അതുകൊണ്ട് ഇവിടെ ആരോടും മനസ്സ് വയ്ക്കരുത്. ഇതെല്ലാം ഇവിടെയുള്ള മോശമായ ബന്ധനമാണ്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മളിപ്പോൾ പവിത്രമാകുകയാണ് അതുകൊണ്ട് നമ്മുടെ ശരീരത്തിൽ മോശമായ ചിന്തയോടെ ഒരാളും തൊടുകപോലും ചെയ്യരുത്. ആ ചിന്ത തന്നെ ഇല്ലാതാകുന്നു. പവിത്രമാകാതെ തിരിച്ച് വീട്ടിലേക്ക് പോകാൻ സാധിക്കില്ല. പരിവർത്തനപ്പെട്ടില്ലെങ്കിൽ പിന്നീട് ശിക്ഷകൾ അനുഭവിക്കേണ്ടി വരും. ഈ സമയം എല്ലാ ആത്മാക്കളും പരിവർത്തനപ്പെടാത്തവരാണ്. ശരീരമുപയോഗിച്ച് മോശമായ കർമം ചെയ്തു കൊണ്ടിരിക്കുന്നു. മലിനമായ ദേഹധാരികളിൽ മനസ്സ് വെച്ചിരിക്കുന്നു. ബാബ വന്ന് പറയുന്നു– ഈ എല്ലാ മോശമായ ചിന്തയും ഉപേക്ഷിക്കൂ. ആത്മാവിന് ശരീരത്തിൽ നിന്ന് വേറിട്ട് വീട്ടിലേക്ക് പോകണം. ഇതാണെങ്കിൽ വളരെ മോശമായ അഴുക്ക് നിറഞ്ഞ ലോകമാണ്, ഇതിൽ ഇനിയും നമുക്ക് ജീവിക്കേണ്ട. ആരെയും കാണാൻ പോലും ഹൃദയം ആഗ്രഹിക്കുന്നില്ല. ഇപ്പോൾ ബാബ വന്നിരിക്കുന്നു സ്വർഗ്ഗത്തിലേക്ക് കൊണ്ട് പോകുന്നതിന്. ബാബ പറയുന്നു– കുട്ടികളെ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. പവിത്രമാകുന്നതിന് വേണ്ടി ബാബയെ ഓർമ്മിക്കൂ. ഒരു ദേഹധാരിയിലും മനസ്സ് വെയ്ക്കരുത്. ഒട്ടും മമത്വം ഇല്ലാതാകണം. സ്ത്രീ–പുരുഷൻമാർക്ക് പരസ്പരം വളരെ സ്നേഹമുണ്ടാകുന്നു. പരസ്പരം കാണാതിരിക്കാനേ സാധിക്കുന്നില്ല. ഇപ്പോൾ ആത്മാവ് പരസ്പരം സഹോദര–സഹോദരനെന്ന് മനസ്സിലാക്കണം. മോശമായ ചിന്ത ഉണ്ടായിരിക്കരുത്. ബാബ മനസ്സിലാക്കി തരുന്നു– ഇപ്പോൾ ഇത് വേശ്യാലയമാണ്. വികാരങ്ങൾ കാരണം തന്നെയാണ് നിങ്ങൾ ആദി–മദ്ധ്യ–അന്ത്യം ദുഃഖം നേടിയത്. ബാബ ഇതിനോട് വളരെയധികം വെറുപ്പ് ഉണർത്തുന്നു. ഇപ്പോൾ നിങ്ങൾ പോകാൻ വേണ്ടി ബോട്ടിലിരിക്കുന്നു. ആത്മാവിനറിയാം ഇപ്പോൾ ബാബയുടെ അടുത്തേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ മുഴുവൻ പഴയ ലോകത്തോടും വൈരാഗ്യമാണ്. ഈ മോശമായ ലോകം, നരകമായ വേശ്യാലയത്തിൽ ഞങ്ങൾക്ക് കഴിയേണ്ട. അപ്പോൾ പിന്നെ വിഷത്തിന് വേണ്ടിയുള്ള മോശമായ ചിന്ത വരുന്നത് വളരെ മോശമാണ്. പദവിയും ഭ്രഷ്ടമാകും. ബാബ പറയുന്നു ഞാൻ നിങ്ങളെ പുഷ്പങ്ങളുടെ ലോകത്തേക്ക്, സുഖധാമത്തിലേക്ക് കൊണ്ട് പോകാൻ വന്നിരിക്കുന്നു. ഞാൻ നിങ്ങളെ ഈ വേശ്യാലയത്തിൽ നിന്നെടുത്ത് ശിവാലയത്തിലേക്ക് കൊണ്ട് പോകും. അതുകൊണ്ട് ബുദ്ധിയുടെ യോഗം ഇപ്പോൾ പുതിയ ലോകത്തിലായിരിക്കണം. എത്ര സന്തോഷമുണ്ടായിരിക്കണം. പരിധിയില്ലാത്ത ബാബ നമ്മളെ പഠിപ്പിക്കുന്നു, ഈ പരിധിയില്ലാത്ത സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, അത് ബുദ്ധിയിലുണ്ട്. സൃഷ്ടി ചക്രത്തെ അറിയുന്നതിലൂടെ അതായത് സ്വദർശന ചക്രധാരിയാകുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവാകും. അഥവാ ദേഹധാരിയോട് ബുദ്ധിയോഗം വച്ചിട്ടുണ്ടെങ്കിൽ പദവി ഭ്രഷ്ടമാകും. ഒരു ദേഹത്തിന്റെ സംബന്ധവും ഓർമ്മ വരരുത്. ഇതാണെങ്കിൽ ദുഃഖത്തിന്റെ ലോകമാണ്, ഇതിൽ എല്ലാവരും ദുഃഖം മാത്രം നൽകുന്നവരാണ്.

ബാബ മോശമായ ലോകത്തിൽ നിന്ന് എല്ലാവരെയും കൊണ്ട് പോകുകയാണ്, അതുകൊണ്ട് ബുദ്ധിയോഗം ഇപ്പോൾ തന്റെ വീടിനോട് വെയ്ക്കണം. മനുഷ്യർ ഭക്തി ചെയ്യുന്നു– മുക്തിയിലേക്ക് പോകുന്നതിന്.

നിങ്ങളും പറയുന്നു- ഞങ്ങൾ ആത്മാക്കൾക്ക് ഇവിടെ കഴിയേണ്ട. ഞങ്ങൾ ഈ മോശമായ ശരീരം ഉപേക്ഷിച്ച് നമ്മുടെ വീട്ടിലേക്ക് പോകും, ഇത് പഴകിയ ചെരുപ്പാണ്. ബാബയെ ഓർമ്മിച്ചോർമ്മിച്ച് പിന്നീട് ഈ ശരീരം ഉപേക്ഷിക്കും. അന്തിമകാലത്ത് ഒരു ബാബയെ കൂടാതെ രണ്ടാമതൊരു വസ്തുവും ഓർമ്മയുണ്ടായിരിക്കരുത്. ഈ ശരീരം പോലും ഇവിടെ തന്നെ ഉപേക്ഷിക്കണം. ശരീരം പോയി എന്നാൽ എല്ലാം തന്നെ പോയി. ദേഹ സഹിതം എന്തെല്ലാമുണ്ടോ, എന്തെല്ലാമാണോ നിങ്ങൾ എന്റേത്-എന്റേതെന്ന് പറയുന്നത് ഇതെല്ലാം മറക്കണം. ഈ മോശമായ ലോകത്തിന് തീ പിടിക്കും, അതുകൊണ്ട് ഇപ്പോൾ ഇതിനോട് മനസ്സ് വയ്ക്കരുത്. ബാബ പറയുന്നു മധുര-മധുരമായ കുട്ടികളെ, ഞാൻ നിങ്ങൾക്കായി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. അവിടെ നിങ്ങൾ തന്നെയാണ് പോയി ജീവിക്കുക. ഇപ്പോൾ നിങ്ങളുടെ മുഖം ആ വശത്തേക്കാണ്. ബാബയെ, വീടിനെ, സ്വർഗ്ഗത്തെ ഓർമ്മിക്കണം. ദുഃഖധാമത്തോട് വെറുപ്പാണ് വരുന്നത്. ഈ ശരീരത്തോട് വെറുപ്പ് വരുന്നു. വിവാഹം കഴിക്കുന്നതിന്റെ ആവശ്യം എന്താണ്? വിവാഹം കഴിക്കുന്നതിലൂടെ പിന്നീട് മനസ്സ് പോകുന്നത് ശരീരത്തിലേക്കാണ്. ബാബ പറയുന്നു ഈ പഴയ ചെരുപ്പുകളോട് (ശരീരങ്ങളോട്) ഇപ്പോൾ ഒരു സ്നേഹവും വയ്ക്കരുത്. ഇത് തന്നെയാണ് വേശ്യാലയം. എല്ലാവരും അങ്ങേയറ്റം പതിതരാണ്. രാവണ രാജ്യമാണ്. ഇവിടെ ആരോടും മനസ്സ് വയ്ക്കരുത്, ബാബയിലല്ലാതെ. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ ജന്മ-ജന്മാന്തരങ്ങളിലെ പാപം മുറിയുകയില്ല. പിന്നീടുള്ള ശിക്ഷകളും വളരെ കടുത്തതാണ്. പദവിയും ഭ്രഷ്ടമാകും. എങ്കിൽ എന്തുകൊണ്ട് ഈ കലിയുഗീ ബന്ധനത്തെ ഉപേക്ഷിച്ചു കൂടാ. ബാബ എല്ലാവർക്കുമായി ഈ പരിധിയില്ലാത്ത കാര്യം മനസ്സിലാക്കി തരുന്നു. എപ്പോൾ രജോപ്രധാന സന്യാസിയായിരുന്നോ അപ്പോൾ ലോകം അഴുക്കായിരുന്നില്ല. കാട്ടിലായിരുന്നു കഴിഞ്ഞിരുന്നത്. എല്ലാവർക്കും ആകർഷണമുണ്ടായിരുന്നു. മനുഷ്യർ അവിടേക്ക് പോയി അവർക്കുള്ള ഭക്ഷണം എത്തിച്ചു കൊടുത്തിരുന്നു. നിർഭയരായിട്ടായിരുന്നു കഴിഞ്ഞിരുന്നത്. നിങ്ങളും നിർഭയരാകണം. ഇതിന് വളരെ വിശാല ബുദ്ധി ആവശ്യമാണ്. ബാബയുടെ അടുത്ത് വരുമ്പോൾ കുട്ടികൾക്ക് സന്തോഷമുണ്ട്. നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും സുഖധാമത്തിന്റെ സമ്പത്തെടുക്കുന്നു. ഇവിടെയാണെങ്കിൽ എത്ര ദുഃഖമാണ്. പല അറപ്പ് തോന്നിക്കുന്ന രോഗങ്ങളും മറ്റും ഉണ്ടാകുന്നു. ബാബ ഗ്യാരണ്ടി നൽകുന്നു- നിങ്ങളെ ദുഃഖം, രോഗങ്ങൾ എന്നിവയുടെ പേരുപോലുമില്ലാത്ത ലോകത്തിലേക്ക് കൊണ്ട് പോകുന്നു. അരകല്പത്തേക്ക് നിങ്ങളെ ആരോഗ്യവാനാക്കുന്നു. ഇവിടെ ആരോടെങ്കിലും മനസ്സ് വച്ചിട്ടുണ്ടെങ്കിൽ വളരെ ശിക്ഷ അനുഭവിക്കേണ്ടി വരും.

നിങ്ങൾക്ക് മനസ്സിലാക്കികൊടുക്കാൻ സാധിക്കും, അവർ പറയുന്നു മൂന്ന് മിനിറ്റ് നിശ്ശബ്ദമായിരിക്കാൻ. പറയൂ, കേവലം നിശ്ശബ്ദത കൊണ്ട് എന്താകാനാണ്. ബാബയെ ഓർമ്മിക്കുകയാണ് വേണ്ടത്. അതിലൂടെ വിർമ്മം വിനാശമാകും. ശാന്തിയുടെ വരദാനം നൽകുന്നത് ബാബയാണ്. ബാബയെ ഓർമ്മിക്കാതെങ്ങനെ ശാന്തി ലഭിക്കും? ബാബയെ ഓർമ്മിക്കുമ്പോഴാണ് സമ്പത്ത് ലഭിക്കുക. ടീച്ചർമാർ വളരെയധികം പാഠം പഠിപ്പിക്കണം. ഉത്സാഹിക്കണം. ആരും ഒന്നും പറയില്ല. ബാബയുടേതായി എങ്കിൽ വയറിന് വേണ്ടത് ലഭിക്കുക തന്നെ ചെയ്യും, ശരീര നിർവ്വാഹാർത്ഥം വളരെ ലഭിക്കും. പുത്രി വേദാന്തി (വേദാന്തി ബഹൻജി ) ചെയ്തത് പോലെ. പരീക്ഷക്കുള്ള ഒരു ചോദ്യമായിരുന്നു- ഗീതയുടെ ഭഗവാൻ ആരാണ്? പരമപിതാ പരമാത്മാവായ ശിവൻ എന്നെഴുതിയപ്പോൾ തോൽപ്പിച്ചു. ആരെല്ലാമാണോ കൃഷ്ണനെന്ന് എഴുതിയിട്ടുണ്ടായിരുന്നത്, അവരെ ജയിപ്പിച്ചു. കുട്ടി സത്യം പറഞ്ഞപ്പോൾ അറിവില്ലാത്തത് കാരണം തോൽപ്പിച്ചു. പിന്നീട് എഴുതിയത് സത്യമാണ് എന്ന് തെളിയിക്കാനായി യുദ്ധം ചെയ്യേണ്ടിവരും. ഗീതയുടെ ഭഗവാൻ നിരാകാരനായ പരംപിതാ പരമാത്മാവ് തന്നെയാണ്. ദേഹധാരിയായ കൃഷ്ണന് ആകാൻ സാധിക്കില്ല. എന്നാൽ പുത്രിക്ക് ഈ ആത്മീയ സേവനം ചെയ്യാനായിരുന്നു ആഗ്രഹം അതുകൊണ്ട് (ആ പഠിപ്പ്) ഉപേക്ഷിച്ചു.

നിങ്ങൾക്കറിയാം ഇപ്പോൾ ബാബയെ ഓർമ്മിച്ചോർമ്മിച്ച് തന്റെ ഈ ശരീരത്തെ പോലും ഉപേക്ഷിച്ച് ശാന്തിയുടെ ലോകത്തിലേക്ക് പോകണം. ഓർമ്മിക്കുന്നതിലൂടെ ആരോഗ്യവും, സമ്പത്തും രണ്ടും തന്നെ ലഭിക്കുന്നു. ഭാരതത്തിൽ ശാന്തിയും സമൃദ്ധിയും ഉണ്ടായിരുന്നില്ലേ. ഇങ്ങനെ-ഇങ്ങനെയുള്ള കാര്യങ്ങൾ നിങ്ങൾ കുമാരിമാരിരുന്ന് മനസ്സിലാക്കികൊടുക്കൂ എങ്കിൽ നിങ്ങളെ ആരും തന്നെ വിമർശിക്കില്ല. അഥവാ എതിരിടാൻ വരികയാണെങ്കിൽ നിയമത്തിന്റെ ഭാഗത്തുനിന്ന് നേരിടൂ, വലിയ വലിയ ഓഫീസർമാരുടെ അടുത്ത് പോകൂ. അവർ എന്ത് ചെയ്യും? നിങ്ങൾ ഒരിക്കലും വിശന്ന് മരിക്കില്ല. പഴവും തൈരും കൂട്ടിയും ചപ്പാത്തി കഴിക്കാൻ സാധിക്കും. മനുഷ്യർ വയറിന് വേണ്ടി എത്ര പാപമാണ് ചെയ്യുന്നത്. ബാബ വന്ന് എല്ലാവരെയും പാപാത്മാവിൽ നിന്നും പുണ്യ ആത്മാവാക്കുന്നു. ഇവിടെ പാപം ചെയ്യുകയോ, കള്ളം പറയുകയോ ചെയ്യേണ്ട ഒരാവശ്യവുമില്ല. നിങ്ങൾക്കാണെങ്കിൽ 3/4 ഭാഗവും സുഖമാണ് ലഭിക്കുന്നത്,

ബാക്കി 1/4 ഭാഗമാണ് ദുഃഖമനുഭവിക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു – മധുരമായ കുട്ടികളെ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും. വേറൊരു ഉപായവുമില്ല. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ വളരെ അലച്ചിൽ അനുഭവിക്കുന്നു. ശിവന്റെ പൂജ വീട്ടിൽ പോലും ചെയ്യാൻ സാധിക്കും. എന്നാലും പുറത്ത് ക്ഷേത്രത്തിൽ തീർച്ചയായും പോകുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് ബാബയെ ലഭിച്ചു. നിങ്ങൾക്ക് ചിത്രം വയ്ക്കേണ്ട ആവശ്യമില്ല. ബാബയെ നിങ്ങൾക്കറിയാം. ബാബ നമ്മുടെ പരിധിയില്ലാത്ത പിതാവാണ്, കുട്ടികൾക്ക് പരിധിയില്ലാത്ത സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവിയുടെ സമ്പത്ത് നൽകിക്കൊണ്ടിരിക്കുന്നു. നിങ്ങൾ വരുന്നത് ബാബയിൽ നിന്ന് സമ്പത്തെടുക്കാനാണ്. ഇവിടെ ശാസ്ത്രം മുതലായവ പഠിക്കുന്നതിന്റെ കാര്യമേയില്ല. കേവലം ബാബയെ ഓർമ്മിക്കണം. ബാബാ ഞങ്ങൾ വന്നു കഴിഞ്ഞു അത്രമാത്രം. നിങ്ങൾ വീടുപേക്ഷിച്ചിട്ട് എത്ര കാലമായി? സുഖധാമം ഉപേക്ഷിച്ചിട്ട് 63 ജന്മമായി. ഇപ്പോൾ ബാബ പറയുന്നു ശാന്തിധാമത്തിലേക്ക്, സുഖധാമത്തിലേക്ക് പോകാം. ഈ ദുഃഖധാമത്തെ മറക്കൂ. ശാന്തിധാമത്തെയും, സുഖധാമത്തെയും ഓർമ്മിക്കൂ. മറ്റൊരു ബുദ്ധിമുട്ടും ഇല്ല. ശിവബാബയ്ക്ക് ഒരു ശാസ്ത്രവും പഠിക്കേണ്ട ആവശ്യമില്ല. ഈ ബ്രഹ്മാവ് പഠിച്ചിട്ടുണ്ട്. നിങ്ങളെ ഇപ്പോൾ ശിവബാബയാണ് പഠിപ്പിക്കുന്നത്. ഈ ബ്രഹ്മാവിനും പഠിപ്പിക്കാൻ സാധിക്കും. എന്നാൽ നിങ്ങളെപ്പോഴും ശിവബാബയാണ് പഠിപ്പിക്കുന്നത് എന്ന് മനസ്സിലാക്കൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെയാണ് വികർമ്മം വിനാശമാകുക. ഇടയിൽ ഇദ്ദേഹവും ഉണ്ട്.

ഇപ്പോൾ ബാബ പറയുന്നു സമയം കുറച്ചേയുള്ളൂ, കൂടുതലില്ല. ഇങ്ങനെ ചിന്തിക്കരുത് ഭാഗ്യത്തിലെന്തുണ്ടോ അത് കിട്ടും. സ്കൂളിൽ പഠിക്കാനുള്ള പരിശ്രമം ചെയ്യുന്നില്ലേ. ഇങ്ങനെ ഒരിക്കലും പറയില്ലല്ലോ– ഭാഗ്യത്തിലുണ്ടെങ്കിൽ...... ഇവിടെ പഠിക്കുന്നില്ലെങ്കിൽ അവിടെ ജന്മ–ജന്മാന്തരം വേലക്കാരനായി ഭൃത്യജോലി ചെയ്തുകൊണ്ടേയിരിക്കും. രാജ പദവി ലഭിക്കില്ല. അവസാനം ചിലപ്പോൾ കിരീടം വച്ച് തരും, അതും ത്രേതായുഗത്തിന്റെ അവസാനത്തിൽ. അടിസ്ഥാന കാര്യമാണ് – പവിത്രമായി മറ്റുള്ളവരെയും ആക്കിതീർക്കുക. സത്യനാരായണന്റെ സത്യ കഥ കേൾപ്പിക്കുന്നത് വളരെ എളുപ്പമാണ്. രണ്ട് അച്ഛൻമാരുണ്ട്, പരിധിയുള്ള അച്ഛന്റെ പക്കൽ നിന്ന് പരിധിയുള്ള സമ്പത്ത് ലഭിക്കുന്നു, പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്തത് ലഭിക്കുന്നു. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ എങ്കിൽ ഇതുപോലെ ദേവതയാകും. എന്നാൽ അതിലും പദവി നേടണം. പദവിക്ക് വേണ്ടി എത്ര കൊല്ലും കൊലയുമാണ് കാണിക്കുന്നത്. അന്തിമത്തിൽ ബോംബുകൾ കൊണ്ടും പരസ്പരം സഹായിക്കും. ഈ കാണുന്ന ഇത്രയും മതങ്ങൾ മുൻപ് ഉണ്ടായിരുന്നില്ല, ഇനി ഭാവിയിലും ഉണ്ടായിരിക്കില്ല. നിങ്ങൾ രാജ്യം ഭരിക്കുന്നവരാണെങ്കിൽ തന്നോടുതന്നെ അല്പം ദയ കാണിച്ചുകൂടെ – ഏറ്റവും കുറഞ്ഞത് ഉയർന്ന പദവിയെങ്കിലും നേടണം. പെൺമക്കൾ 8 അണ പോലും തരുന്നുണ്ട്– ഞങ്ങളുടേതായി ഒരിഷ്ടിക എങ്കിലും വയ്ക്കണം. സുദാമാവിന്റെ ഉദാഹരണം കേട്ടിട്ടില്ലേ. അവിൽ പിടിക്ക് പകരം കൊട്ടാരം ലഭിച്ചു. പാവങ്ങളുടെ അടുത്ത് ആകെ 8 അണയാണുള്ളത് അപ്പോൾ അതല്ലേ തരാൻ കഴിയൂ. പറയുകയാണ് ബാബാ ഞങ്ങൾ ദരിദ്രരാണ്. കുട്ടികളേ നിങ്ങളാണ് സത്യമായ സമ്പാദ്യം ചെയ്യുന്നത്. ഇവിടെ എല്ലാവരുടേതും അസത്യ സമ്പാദ്യമാണ്. ദാനം, പുണ്യം തുടങ്ങി എന്തെല്ലാമാണോ ചെയ്യുന്നത്, അതെല്ലാം പാപാത്മാക്കൾക്ക് തന്നെയാണ് ചെയ്യുന്നത്. അപ്പോൾ പുണ്യത്തിന് പകരം പാപമാകുന്നു. പണം കൊടുക്കുന്നവരിൽ പോലും പാപമുണ്ടാകുന്നു. ഇതെല്ലാം ചെയ്ത് ചെയ്ത് എല്ലാവരും പാപാത്മാക്കളായി തീരുന്നു. പുണ്യാത്മാക്കളുള്ളത് സത്യയുഗത്തിലാണ്. അതാണ് പുണ്യാത്മാക്കളുടെ ലോകം. അതാണെങ്കിൽ ബാബ തന്നെയാണുണ്ടാക്കുക. പാപാത്മാവാക്കി മാറ്റുന്നത് രാവണനാണ്, അഴുക്ക് നിറഞ്ഞവരാകുന്നു. ഇപ്പോൾ ബാബ പറയുന്നു മോശമായ കർമ്മം ചെയ്യരുത്. പുതിയ ലോകത്തിൽ അഴുക്കുണ്ടായിരിക്കില്ല. പേര് തന്നെ സ്വർഗ്ഗമെന്നാണ്. പിന്നെന്ത് വേണം, സ്വർഗ്ഗമെന്ന് പറയുമ്പോൾ തന്നെ വായിൽ വെള്ളം വരുന്നുണ്ട്. ദേവതമാർ ജീവിച്ച് പോയിട്ടുണ്ട് അതുകൊണ്ടാണ് ഓർമ്മചിഹ്നങ്ങൾ ഉള്ളത്. ആത്മാവ് അവിനാശിയാണ്. എത്രയധികം അഭിനേതാക്കളാണുള്ളത്. പാർട്ടഭിനയിക്കാൻ ഇവിടേക്ക് വരണമെങ്കിൽ എവിടെയെങ്കിലും ഒരു സ്ഥാനത്ത് (ആത്മാക്കൾ) ഇരിക്കുന്നുണ്ടാകുമല്ലോ. ഇപ്പോൾ കലിയുഗത്തിൽ എത്രയധികം മനുഷ്യരാണ്. ദേവീദേവതകളുടെ രാജ്യമില്ല. ആർക്കും മനസ്സിലാക്കി കൊടുക്കാൻ വളരെ എളുപ്പമാണ്. ഒരു ധർമ്മത്തിന്റെ സ്ഥാപന ഇപ്പോൾ വീണ്ടും നടന്നുകൊണ്ടിരിക്കുന്നു ബാക്കി എല്ലാ ധർമ്മങ്ങളും ഇല്ലാതാകും. നിങ്ങൾ എപ്പോഴായിരുന്നോ സ്വർഗ്ഗത്തിലായിരുന്നത് അപ്പോൾ വേറൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ചിത്രത്തിൽ രാമന് ബാണം നൽകിയിട്ടുണ്ട്. അവിടെ അമ്പ് മുതലായവയുടെ ഒരു ആവശ്യവുമില്ല. ഇതും മനസ്സിലാക്കുന്നുണ്ട്. ആര് ഏത് സേവനം കൽപം മുമ്പ് ചെയ്തിട്ടുണ്ടോ, അതാണ് ഇപ്പോഴും ചെയ്യുന്നത്. ആരാണോ വളരെ സേവനം ചെയ്യുന്നത്, അവർ ബാബയ്ക്കും വളരെ പ്രിയപ്പെട്ടവരായിരിക്കും. ലൗകീക അച്ഛന്റെ കുട്ടികളിലും ആര് നന്നായി പഠിക്കുന്നോ, അവരിൽ അച്ഛന് കൂടുതൽ സ്നേഹം ഉണ്ടായിരിക്കും. ആരാണോ വെറുതേ ആഹാരം കഴിച്ചും വഴക്കടിച്ചും ഇരിക്കുന്നത്

അവരെ ആരും സ്നേഹിക്കില്ല, സേവനം ചെയ്യുന്നവർ വളരെ പ്രിയപ്പെട്ടവരായിരിക്കും.

കഥയുണ്ടല്ലോ- രണ്ട് പൂച്ചകൾ കടികൂടി, വെണ്ണ കൃഷ്ണൻ കഴിച്ചു. മുഴുവൻ വിശ്വത്തിന്റെയും ചക്രവർത്തീ പദവിയാകുന്ന വെണ്ണ നിങ്ങൾക്കാണ് ലഭിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ തെറ്റ് ചെയ്യരുത്. അഴുക്കുപിടിച്ചവരായി മാറരുത്. അഴുക്കിന് പിറകെ പോയി രാജ്യപദവി നഷ്ടപ്പെടുത്തരുത്. ബാബയുടെ നിർദ്ദേശം ലഭിക്കുന്നുണ്ട്, ഓർമ്മിക്കുന്നില്ലെങ്കിൽ പാപത്തിന്റെ ഭാരം കയറിക്കൊണ്ടിരിക്കും, പിന്നീട് വളരെ ശിക്ഷ അനുഭവിക്കേണ്ടി വരും. നിർത്താതെ കരയും. 21 ജന്മത്തിന്റെ ചക്രവർത്തീ പദവിയാണ് ലഭിക്കുന്നത്. ഇതിൽ തോൽക്കുകയാണെങ്കിൽ ഒരുപാട് കരയും. ബാബ പറയുന്നു ഭർതൃവീടോ, അമ്മായി അച്ഛന്റെ വീടോ അല്ല ഇപ്പോൾ ഓർമ്മിക്കേണ്ടത്. ഭാവിയിലെ പുതിയ വീടിനെ മാത്രം ഓർമ്മിക്കണം.

ബാബ മനസ്സിലാക്കി തരികയാണ് ആരെയും കണ്ട് പമ്പരം പോലെ കറങ്ങരുത്. പുഷ്പമാകണം. ദേവതകൾ പുഷ്പമായിരുന്നു, കലിയുഗത്തിൽ മുള്ളായിരുന്നു. ഇപ്പോൾ നിങ്ങൾ സംഗമത്തിൽ പുഷ്പമായിക്കൊണ്ടിരിക്കുന്നു. ആർക്കും ദുഃഖം നൽകരുത്. ഇവിടെ ഇങ്ങിനെയായിത്തീർന്നാലേ സത്യയുഗത്തിൽ പോകൂ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. അന്തിമ സമയത്ത് ഒരു ബാബയെ അല്ലാതെ രണ്ടാമതാരെയും ഓർമ്മ വരരുത് അതിന് വേണ്ടി ഈ ലോകത്തിൽ ആരോടും മനസ്സ് വയ്ക്കരുത്. അഴുക്കുപിടിച്ച ശരീരങ്ങളെ സ്നേഹിക്കരുത്. കലിയുഗീ ബന്ധനത്തെ മുറിക്കണം.

2. വിശാല ബുദ്ധിയായി നിർഭയരാകണം. പുണ്യാത്മാവാകുന്നതിന് വേണ്ടി ഒരു പാപവും ഇപ്പോൾ ചെയ്യരുത്. വയറിന് വേണ്ടി കള്ളം പറയരുത്. അവിൽ പിടി സഫലമാക്കി സത്യം-സത്യമായ സമ്പാദ്യം ശേഖരിക്കണം, തന്റെ മേൽ ദയ കാണിക്കണം.

### വരദാനം:- പരമാത്മാ ലഹരിയിലൂടെ സ്വയത്തെയും വിശ്വത്തെയും നിർവ്വിഘ്നമാക്കി മാറ്റുന്ന തപസ്വീമൂർത്തിയായി ഭവിക്കട്ടെ.

ഒരു പരമാത്മാവിന്റെ ലഹരിയിൽ ഇരിക്കുന്നത് തന്നെയാണ് തപസ്യ. ഈ തപസ്യയുടെ ബലം തന്നെയാണ് സ്വയത്തെയും വിശ്വത്തെയും സദാ കാലത്തേക്ക് നിർവ്വിഘ്നമാക്കി മാറ്റുന്നത്. നിർവ്വിഘ്നരായിരിക്കുകയും നിർവ്വിഘ്നരാക്കുകയും ചെയ്യുക തന്നെയാണ് താങ്കളുടെ സത്യമായ സേവനം, അത് അനേകവിധത്തിലുള്ള വിഘ്നങ്ങളിൽ നിന്ന് സർവ്വാത്മാക്കളെയും മുക്തമാക്കുന്നു. അങ്ങനെയുള്ള സേവാധാരി കുട്ടികൾ തപസ്യയുടെ ആധാരത്തിൽ ബാബയിൽ നിന്ന് ജീവന്മുക്തിയുടെ വരദാനം സ്വീകരിച്ച് മറ്റുള്ളവർക്കും കൊടുപ്പിക്കുന്നതിന് നിമിത്തമായി മാറുന്നു.

### സ്ലോഗൻ:- ചിതറിപ്പോയ സ്നേഹത്തെ ഒരുമിപ്പിച്ച് ഒരു ബാബയിൽ സ്നേഹം വെക്കൂ എങ്കിൽ പ്രയത്നത്തിൽ നിന്ന് മുക്തമാകും.